# നീര ഉത്പാദന വ്യാപനം: തീരുമാനം ഇന്നത്തെ മന്ത്രിസഭായോഗത്തിൽ

തിരുവനന്തപുരം: നീര ഉത്പാദനം വിപുലീകരിക്കാനുള്ള നിർദേശം ഇന്നു ചേരുന്ന മന്ത്രിസഭാ യോഗം പരിഗണിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. നാളികേര വികസന കോർപറേഷൻ ചെയർമാൻ ടി.കെ. ജോസാണ് ഇതുസംബന്ധിച്ച നിർദേശം സർക്കാരിനു സമർപ്പിച്ചത്.

നീര ഉത്പാദനം കാർഷിക മേഖലയിൽ വൻ മാറ്റമുണ്ടാക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു. കർഷകർ, ചെത്തു തൊഴിലാളികൾ, സംസ്ഥാനത്തിന്റെ സമ്പദ്ഘടന എന്നിവയ്ക്കെല്ലാം ഒരുപോലെ ഗുണകരമാണു നീര ഉത്പാദനം. ഇന്നലെ നടന്ന മന്ത്രിസഭാ യോഗത്തിലും ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തതായി മുഖ്യമന്ത്രി അറിയിച്ചു.